15846
2976
2451

# ദിവ്യഗീതാമൃതം

ഇതിൽ ഭക്തിരസപ്രധാനങ്ങളായ 31 ഗാനങ്ങളും അടങ്ങിയിരിക്കുന്നു

എ. സിൽവ
തിരുഹൃദയമന്ദിരം വെങ്ങാനൂർ
പെരിങ്ങമ്മല.

A. SILVA
Thiruhridaya Mandiram,
VENGANOOR PERINGAMMALA
NEM... P. O.

പ്രകാശകൻ
റ. തോമസ്സ് മംഗലത്തുകോണം

...ല്പാത്തു

Nihil obstat

Fr. John Koilparampil

*Trivandrum,*
*12—12—1951.*

Imprimatur

† Fr. Vincent V

2976
2451

# സമർപ്പണം

പരേതനായ
എന്റെ വന്ദ്യമാതുലൻ
ആർ. ആന്റണി അവർകളുടെ
മധുര സ്മരണയ്ക്കു്

# അവതാരിക

സുകുമാര കലകളിൽ സർവ്വ പ്രാധാന്യമർഹിക്കുന്ന ഒന്നാണല്ലോ സംഗീതം. ആപാദമധുരമായ സംഗീതത്തിലൂടെ ആശയവിനിമയം ചെയ്യുവാൻ മനുഷ്യർ ആകമാനം വെമ്പൽകൊള്ളുകയാണ്. പാട്ടുകൾ രചിച്ചും പാടിയും ഓരോരുത്തരും മുറുകെപ്പിടിക്കുന്ന ആശയങ്ങളും ആദർശങ്ങളും പ്രചരിപ്പിച്ച് മനുഷ്യഹൃദയത്തെ ദൈവത്തിൽനിന്നും മതത്തിൽനിന്നും വലിച്ചുമാററാൻ പരിശ്രമിക്കുമ്പോൾ, മതാത്മകമായ പ്രവണതകൾ മനുഷ്യഹൃദയങ്ങളിൽ ദൃഢമൂലമാക്കുവാൻ ഒരുമ്പെടുന്ന "ദിവ്യഗീതാമൃത"ത്തിൻെറ ഉദയം തികച്ചും സമുചിതമാണ്, അഭിനന്ദനീയമാണ്, പ്രോത്സാഹജനകമാണ്.

ഇരുളടഞ്ഞ ലോകത്തിനു മാർഗ്ഗനിർദ്ദേശംചെയ്യുവാൻ തിരുവവതാരം ചെയ്യുകയും സ്വജീവിതം സ്നേഹബലിയായി സമർപ്പിക്കുകയുംചെയ്ത ക്രിസ്തുവിൻെറ ജനനം മുതൽ മരണംവരെയുള്ള ജീവിതത്തിലെ മായാത്ത മുദ്ര പതിക്കുന്ന സംഭവങ്ങൾ, അവിടുത്തെ അതുല്യ മാതാവായ കന്യകമറിയത്തിൻെറ മഹിമകൾ, വളർത്തുപിതാവിൻെറ സ്തുതികൾ, കേരളീയർ കൂടുതൽ ഭക്തി പ്രദർശിപ്പിക്കുന്ന ചില വിശുദ്ധരെക്കുറിച്ചുള്ള പാട്ടുകൾ തുടങ്ങിയവയാണ് ഈ ചെറുഗ്രന്ഥത്തിൻെറ ഉള്ളടക്കം. "ക്രിസ്തുവില്ലാ ശാന്തിശാശ്വതമോ, മണൽത്തിട്ടമേൽ പണിതസൗധംപോൽ തകരുമേ" എന്നിതുപോലുള്ള അർത്ഥ ഗംഭീരമായ ആശയങ്ങൾ ഈരടിയിൽ നിറുത്തുവാനും മററുമുള്ള ഗ്രന്ഥകാരൻെറ ശ്രമങ്ങൾ വിജയകരമായിട്ടുണ്ട്. എളിയവരെങ്കിലും, മഹത്തരമായ കാര്യ

ങ്ങൾ നേടിയ ചില വിശുദ്ധരെപ്പററി പരിമിതമായ പരിജ്ഞാനമെങ്കിലും നൽകുവാൻ പര്യാപ്തമാണ് അവരെപ്പററിയുള്ള ഗീതങ്ങൾ മിക്കവാറും.

പഴമയല്ലാത്ത പുതുമയും പുതുമയിലേക്ക് ഒരു പടിയുമാണ് ഈ കൃതിയിലെ മട്ടുകൾ. രീതികളിൽ ചിലതു പഴയതാണെങ്കിലും ഒരേ വിഷയത്തെപ്പററി ഒന്നിലധികം രീതിയിൽ കീർത്തനങ്ങൾ എഴുതിയിട്ടുള്ളതുകൊണ്ടു വായനക്കാർക്ക് രുചികരമായരീതി സ്വീകരിക്കുവാൻ സാധിക്കും. മിഷൻകേന്ദ്രങ്ങളിലും വേദപ്രചാരംലഭിച്ചുകൊണ്ടിരിക്കുന്ന സ്ഥലങ്ങളിലും ഇതുപോലുള്ള പാട്ടുകൾ വളരെ ഉപയോഗമുള്ളവയാണെന്ന് മാത്രമല്ല, വേദപ്രചാരം ത്വരിപ്പിക്കുവാനുള്ള ഒരു മാർഗ്ഗവുംകൂടിയായിരിക്കും. ഒരു മാതൃകാ കത്തോലിക്കനും ഉത്തമ അധ്യാപകനും "ജ്ഞാനഗാന"ത്തിന്റെ കർത്താവുമായ മി. സിൽവയുടെ അൽമായ പ്രേഷിതചൈതന്യത്തിന്റെ ബഹിർസ്ഫുരണമായ ഈ കൃതിക്ക് സർവ വിജയവും ആശംസിക്കുകയും, ഇതുപോലെ ഭക്തിസംവർദ്ധകങ്ങളായ കൃതികൾ ഇനിയും ഈ യുവഗ്രന്ഥകാരന്റെ തൂലികാത്തുമ്പിൽ നിന്നും നിർഗ്ഗളിച്ച് കേരളകത്തോലിക്കരെ പ്രബുദ്ധരാക്കുകയും ചെയ്യട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട്, ഈ "ദിവ്യഗീതാമൃത"ത്തെ ആകണ്ഠമാസ്വദിക്കുവാൻ സഹൃദയസമക്ഷം സാദരം അവതരിപ്പിച്ചുകൊള്ളുന്നു.

•

കമുകിൻകോട്,
17th December 1951.

Fr. Mark Netto.

# മുഖവുര

ആധുനികലോകം സമരഭീതിയാലും പട്ടിണിപ്പാവങ്ങളുടെയും അവശലക്ഷങ്ങളുടെയും പ്രതിഷേധശബ്ദങ്ങളാലും പുകഞ്ഞിരുണ്ടടഞ്ഞു് അസ്വസ്ഥമായിരിക്കയാണു്. ലോകജീവിത വിജയത്തിന്റെ ആണിക്കല്ലായ ദൈവസ്നേഹമോ പരസ്നേഹമോ ഇല്ലാതെ തന്റെ സ്രഷ്ടാവായ ദൈവത്തെയും, ദൈവികമായ സകലത്തെയും ചോദ്യംചെയ്തുകൊണ്ടു് നിരീശ്വരവാദികൾ ഇറമ്പിപ്പായുകയാണു്. സമത്വസുന്ദരമായ ഒരു പുതിയ വ്യവസ്ഥിതിക്കുവേണ്ടി—ഉണ്ണാനും ഉടുപ്പാനും പാർപ്പാനുമുള്ളവ എല്ലാവർക്കും നിർല്ലോഭം ലഭിക്കുന്നതിനുവേണ്ടി—ലോകത്തെ പട്ടിണിയുടെയും ദാരിദ്ര്യത്തിന്റെയും പല്ലിറുമ്മലിൽ നിന്നു മോചിപ്പിക്കുന്നതിനുവേണ്ടി—ദൈവത്തെയും തന്റെ പരിപാവനസ്ഥാപനങ്ങളെയും ഭൂമുഖത്തുനിന്നു് ഉന്മൂലനാശം ചെയ്യുവാൻ അവർ വെമ്പൽ കൊള്ളുകയാണു്!! അതിനായി സംഗീതസാഹിത്യാദി കലകളെയും ശാസ്ത്രങ്ങളെയും ഉപകരണമാക്കിക്കൊണ്ടു് ദൃഢനിശ്ചയത്തോടുകൂടി അവർ അഹോരാത്രം പാടുപെടുകയാണു്. മതാത്മകവും ഭക്തിരസ പ്രധാനങ്ങളുമായ സംഗീതസാഹിത്യാദികൾ അവർക്കു നിഷിദ്ധങ്ങളാണു്. ലോകത്തിൽ ഒരു വിഭാഗത്തിന്റെ വഴിപിഴച്ച ഈ പോക്കു് നിർന്നിമേഷം നോക്കിനിൽക്കുവാൻ ഈശ്വരവിശ്വാസമുള്ള യാതൊരു വ്യക്തിക്കും സാദ്ധ്യമാവുകയില്ല. നമ്മുടെ സ്രഷ്ടാവായ ദൈവത്തിനുവേണ്ടിയും നാം ദൃഢമായി വിശ്വസിച്ചുപോരുന്ന നിത്യസത്യങ്ങൾക്കുവേണ്ടിയും സമരം ചെയ്യേണ്ട സമയം സമാഗതമായിരിക്കുന്നു.

ഭക്തിസംവർദ്ധകങ്ങളായ ഗാനങ്ങൾ രചിക്കുക, പാട്ടുക, പ്രചരിപ്പിക്കുക ഇതെല്ലാം ഭക്തവത്സലനായ സത്യസ്വരൂപന്നു പ്രിയംകരങ്ങളാണ്. അദ്ദേഹത്തെ മഹത്വപ്പെടുത്തി, അദ്ദേഹത്തിൻെറ പരിപാവന നാമധേയം മനുഷ്യഹൃദയങ്ങളിൽ ദൃഢമൂലമാക്കുന്നതിന്ന് എൻെറ ഈ എളിയ കൃതി അല്പമെങ്കിലും ഉപകരിക്കുമെങ്കിൽ എനിക്ക് അതിൽപരം പരമാനന്ദം മറെറാന്നില്ല. പണ്ഡിതലോകത്തിൻെറ അഭിനന്ദനം ആർജ്ജിക്കണമെന്നുള്ളതല്ല, പ്രത്യുത, പാമരലക്ഷങ്ങൾ ഇതിലെ ദിവ്യഗീതങ്ങൾ ആലപിക്കയും ആസ്വദിക്കയും ചെയ്തു് ആത്മനന്മ പ്രാപിക്കണമെന്നുള്ളതാണ് എൻെറ ഏകാഭിലാഷം. എങ്കിലും സഹൃദയരായ പണ്ഡിതന്മാർ ഇതിൽ വന്നിട്ടുള്ള തെററുകൾ ചൂണ്ടിക്കാണിച്ചാൽഅവ സ്വാഗതം ചെയ്യുന്നതിന്ന് എനിക്ക് അതിയായ താല്പര്യവും സന്തോഷവും ഉണ്ടായിരിക്കും.

ഈ പുസ്തകം പരിശോധിച്ച റവ. ഫാദർ ജാൺ കോയിൽപറമ്പിൽ അവർകളോടും, അവതാരികമൂലം ഈ ചെറുഗ്രന്ഥത്തെ അലങ്കരിച്ച റവ. ഫ്ാദർ മാക്‌നെറേറാ അവർകളോടും, പ്രസിദ്ധീകരണാനുമതി നൽകി അനുഗ്രഹിച്ച നമ്മുടെ മെത്രാനച്ചൻ നി. വ. ദിം. ശ്രീ. വിൻസെൻറ് വി. ഒെരീര ഒ. സി. ഡി. തിരുമേനി അവർകളോടും സർവ്വോപരി എൻെറ അഭ്യുദയകാംക്ഷി റവ. ഫാദർ നാർബർട്ട് ഒ. സി. ഡി. അവർകളോടും എനിക്കുള്ള അകൈതവമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

എ. സിൽവ,

തിരുഹൃദയമന്ദിരം, വെങ്ങാനൂർ.

# കർത്താവിനെ സ്തുതിപ്പിൻ

യേശുവിനെ സ്തുതി നീ. എം. മ.

പല്ലവി

കർത്താവിനെ സ്തുതിപ്പിൻ, തന്നെ സദാ
വാഴ്ത്തി സ്തുതിച്ചിടുവിൻ.

ചരണങ്ങൾ

1. ആകാശത്തിൽ നിൽക്കുന്ന ജലകണമേ!
കർത്താവിൻ സമസ്തസൈന്യങ്ങളേ വേഗാൽ
......കർത്താ
2. ദിനരാത്രകാരണരാം സൂര്യചന്ദ്രരേ!
ആകാശേ ശോഭിക്കും താരകാഗണമേ! ... ...കർത്താ
3. കർത്തൃസൃഷ്ടങ്ങളാമഖിലവസ്തുക്കളേ!
കർത്താവിൻ ദൂതരേ! പരമണ്ഡലങ്ങളേ! ......കർത്താ
4. മഴചാററലഗ്നിചൂടുഷ്ണമേ! കുളിരേ!
പനികുളിരുറച്ചവെള്ളമേ! പനിക്കട്ടയേ!......കർത്താ
5. വെണ്മഞ്ഞേ ഹിമമേ! സമസ്താരൂപികളേ!
ജീവികൾക്കാനന്ദദം പകലിരവേ ......കർത്താ
6. ഭൂമികർത്താവിനെ സ്തുതിക്കുമാറാകട്ടെ!
തന്നെ സദാകാലം പുകഴ്ത്തിയുയർത്തട്ടെ! ......കർത്താ
7. പർവ്വതങ്ങളേ! കുന്നുകളേ! മുളയ്പുകളേ
ഒലിവുറവകൾ നദികൾ വൻസാഗരമേ!......കർത്താ
8. ജലചരരാം ജന്തുഗണമേ! മത്സ്യഘലമേ!
ആകാശജീവികളേ! പറവകളേ! ......കർത്താ

9. സർവ്വമൃഗങ്ങളേ! അജസമൂഹങ്ങളേ!
ഉന്നതസൃഷ്ടികളാം നരഗണമേ! ......കർത്താ
10. ഇസ്രായേൽ ജനം കർത്താവിനെ സ്തുതിച്ചിടട്ടേ!
തന്നെസദാകാലംപുകഴ്ത്തിയുയർത്തട്ടെ!......കർത്താ
11. കർത്താവിൻ ഗുരുക്കളേ! തൻശുശ്രൂഷികളേ!
നീതിമാന്മാരാത്മമശരീരിവൃന്ദമേ! ......കർത്താ
12. നിർമ്മലന്മാരേ! മനോതാഴ്മയുള്ളോരേ!
ഹനനീയ, യസറീയാ യെമിസായേലേ! ......കർത്താ
13. ബാവാപുത്രൻ റൂഹായെസ്തുതിക്കണം നാം
തന്നെസദാകാലം പുകഴ്ത്തിയുയർത്തണം ......കർത്താ
14. അത്യുന്നതാകാശമണ്ഡലം തന്നിൽ
വാഴ്ത്തപ്പെട്ടവനാകുന്നങ്ങനവരതം ......കർത്താ
15. അങ്ങു സദാകാലം സ്തുതിക്കപ്പെട്ടവൻതാൻ
എത്രയും പുകഴ്ത്തപ്പെട്ടവൻ നീയെൻ താതാ!
......കർത്താ

---

## ന. ക. ഈശോമിശിഹായെക്കുറിച്ചുള്ള ഗാനങ്ങൾ

## I

## ക്രിസ്തുജനനം

വഞ്ചിഭൂമിപതെ എ. മ.

1. മംഗളം ശ്രീയേശുദേവാ!
മംഗളസ്വരൂപാ! വിഭോ ...... മംഗളം
2. ബത്‌ലഹേമിൽജാതാ! നാഥാ!
നിത്യകന്യമേരീജാതാ! ...... മംഗളം

3. കാലിശാലെ പള്ളികൊള്ളും
മാലകററും നാകരാജാ! ...... മംഗളം

4. കന്മഷസംഹാരാബാലാ!
ചിന്മയാ മൂലോകപാലാ! ......മംഗളം

5. ആട്ടിടയന്മാരാൽ സേവ്യൻ!
ഞെട്ടിവിറയ്ക്കുന്ന കഷ്ടം!! ......മംഗളം

6. മർത്ത്യനായ്ഹാ! സത്യദൈവം!!!
മർത്ത്യരേ! വന്നാരാധിപ്പിൻ ...... മംഗളം

7. വാഴ്ക! വാഴ്ക! യേശുരാജാ!
വാഴ്ക! വാഴ്ക! രാജാരാജാ!... .. മംഗളം

---

## II
## ക്രിസ്തുജനനം

അയ്യാചിറപെൺ എ. മ.

1. ബത്ലഹമിൽ ജാതനായി ലോ കരക്ഷകൻ
മർത്ത്യരാസകലം വന്നു വണങ്ങിനമിക്കുവിൻ
ആത്മനന്മപ്രാപിപ്പിൻ.

2. ആദമവ്വചെയ്തപാപം സംഹരിക്കുവാൻ.
ആദരവായ് പാപികളെ വീണ്ടെടുക്കുവാൻ
സുരലോകദീപം നിതിസൂര്യൻ വന്നുദിച്ചഹോ!
ഭൂവിൽ-വന്നുദിച്ചഹോ!

3. വാനദൂതജാലമാകെ വാനിൽ വന്നിതാ
വാനവരാജനു സ്തോത്രഗീതം പാടുവാൻ
അവരാടിപ്പാടി താളമേളമോടിയോടിതാ
ദിവ്യഗീതം പാടിനാർ.

4. മേരിയമ്മ പൂരമോദാൽ സൂനുവിൻമുഖം
നോക്കിടുന്നു പുഞ്ചിരിച്ചിടുന്നു ദേവനേ
താങ്ങികൈയിലേന്തിപാലൂട്ടുന്നു ആരാധിക്കുന്നു;
ഭക്ത്യാ-ആരാധിക്കുന്നു.

5. വന്ദ്യതാതൻ മാമുനീന്ദ്രൻ മേരിമണാളൻ
ശുദ്ധയൗസേപ്പേരും ഭക്ത്യാ കുമ്പിടുന്നിതാ.
ശിശുവാംമിശിഹാ സന്തുഷ്ടനായ്പള്ളികൊള്ളുന്നു.
ഹീനവേഷധാരിയായ്.

6. കാററുകളിരേററുഞെട്ടും ദിവ്യപൈതലേ!
ലോകപാപം തീക്കും ദിവ്യചെമ്മരിക്കുഞ്ഞേ!
തവപാദപത്മം കുപ്പിടുന്നേൻ പാപി ഞാൻ മുദാ
പരിപാലയ ഭവാൻ.

## III
# ശ്രീ യേശുനാമം

രാമനാമമേ എ. മ.

പല്ലവി

ഈശോ നാമമേ! ലോകൈക വന്ദ്യനാമമേ!
ഗുണനിധിതിരുമരിയസുതൻ ......ഈശോ

അ: പല്ലവി

ദിവ്യവരമാരിതൂകി പാലയ—പാപിയെ
അനുദിനമതിവരപ്രദം ......ഈശോ

ചരണങ്ങൾ

1. പാപികൾക്കാശ്രയമാധുര്യനാമം
പാപസംഹാരിതകോമളനാമം
പാരമരാതികൾക്കൾഭയനാമം
പാവനം–പാരതിൽ–ഭവഭയഹരമതിശുഭം
......ഈശോ

2. സ്വർഗ്ഗസ്ഥർക്കാകെയുമിമ്പമാം നാമം
സൃഷ്ടിസ്ഥിതിലയകാരണനാമം.
ഭക്തഹൃത്താരിൽ സുമുദ്രിതനാമം
ആശ്രിതർക്കാ-ശ്രയ-പരിമളമഴപൊഴിയണെ
......ഈശോ

## IV

## ഈശോയോടുള്ള അപേക്ഷ

അരുമൈ പെരുമൈ ഉള്ള അഴകുള്ള എൻകിളിയേ! എ. മ.

1. നാകലോകനായകാ! യേശുവേ ലോകപാലാ!
ശോകമെല്ലാ മകററി പരനേ! നിജസുതനെ
അനുഗ്രഹിക്ക.

2. ദിവാനിശഭേദമെന്യേ പാപം ചെയ്യുന്നേനഘം
വിവേകമില്ലാതെ നാഥാ! നിന്നെ വെറുത്തിടുന്നേൻ
ക്ഷമിക്കണമെ.

3. നന്ദിവിഹീനനാം ഞാൻ നിന്ദാവമാനങ്ങളാൽ
നിന്മനം കലക്കിടുന്നു താതാ! നീ തെളിഞ്ഞു
പോററുകമാം.

4. അനന്തദയാനിധേ! നിൻ നിർമ്മലസ്വാന്തമതിൽ
കാളിടും സ്നേഹാഗ്നിയിൽ മമ വൻപാപമാകെ
ദഹിപ്പിക്കണേ!

5. മുൾമുടിയാലാവൃതമാം തവ ദിവ്യഹൃത്താരാകണമെ-
യഭയമനിശം
ഭയരഹിതം മരുവിടുവാൻ

6. നിൻ തിരുമേനിക്രൂശിൽ ചേർത്തുയൂദരേററ്ത്ത
കാരിരുമ്പാണികളിൽ കഠിനംനരരഖിലമടിച്ചിടുന്നും

7. ആണിയണിഞ്ഞ പാണിയാണിവനേകാശ്രയം
ആദരവായണച്ചു സവിധെ, ആത്മനാഥാ!
അനുഗ്രഹിക്ക.

V

# ആത്മനാഥൻ

ആത്മയാഗം പൂർത്തിചെയ്താർ ഹരിജനഉയിർ തോഴൻ ഗാന്ധി എ. മ.

പല്ലവി

ആത്മനാഥാ! യേശുദേവാ! കരുണാസാഗരാ
കാത്തരുൾക

അ: പല്ലവി

ആശ്രിതവത്സലാ! ഭക്തഹൃദിസ്ഥിതാ!
ദോഷവിഷമതിന്നൗഷധദായകാ! ......ആത്മ

ദൊഹറാ

ദേവനേ ക്ഷോണിതൻ പാപപരിഹാരകാ!
ജയനിത്യാനന്ദദനാഥാ!
താവകതാരൊളിപുണ്യപാദം ഭജിക്കുവാൻ
നൽവരമേകണെ താ—താ!

താ......താ......

പാട്ടു്

പാപിയാമെൻ മനസ്താപമകററിനിൻ
പാണികൾ ചേർത്തുമാം പാലയസ്നേഹമായ്...ആത്മ

ദൊഹറാ

ധരണിയിലനുദിനമധികാനന്ദമരുളുമമലാ!
സ്നേഹരൂപാ!

മരണഭയമണയുമളവിലിവനിൽ വാഴ്ക!

ശാന്തഹൃദയാ! ലോകപാലാ!

പാ......ലാ......

പാട്ട്

മൂന്നായലോകത്തിന്നൂന്നായമന്നവാ!

വന്നിടുന്നേനഹം പാഹിമാം മംഗളം ......ആത്മ

ദൊഹറ

കറകളഖിലം നീക്കി പരിശുദ്ധത ചാർത്തി

കാക്ക കാരുണ്യമൂർത്തേ!

കഠിനഖലരിൽനിന്നു മൃത്യുവരിച്ചുജയിച്ചുയിർത്ത

സൗഭാഗ്യമൂർത്തേ!

മൂ......ർത്തേ!......

പാട്ട്

ആദിനാഥാ! സുരസേവിതാ! മേലും

പാലയമാം പാപി ഞാൻ മറന്നാലും. ......ആത്മ

---

VI

## ഈശോയുടെ തിരുരക്തം

ഈശോ സ്നേഹിക്കുന്നു or യേശുനേശിക്കിറാർ എ. മ.

1. ഈശോയിൻ രക്തമേ! ഈശോയിൻ രക്തമേ!
പാപികളാം ഞങ്ങളാരാധിക്കുന്നു ഭക്ത്യാ! ...ഈശോ

2. ഛേദനാചാരത്താൽ ശൈശവദശയിൽ
ചിന്തിയ ദിവ്യരക്തമേ! സംപൂജ്യമേ! ...ഈശോ

3. ഗദ്സെമെൻ പൂങ്കാവിൽ പാരം ഖേദമോടെ
നിത്യതാതനോടർത്ഥിക്കവെ വിയർത്ത ...ഈശോ

4. പീലാത്തോസിൻ മുമ്പിൽ കൽത്തൂണിൽ ബന്ധിച്ചു
നിഷ്ക്കരുണമായ് ദണ്ഡിച്ചപ്പോൾ ചൊരിഞ്ഞ
...ഈശോ

5. തൻതിരുശിരസ്സിൽ മുൾമുടിതറച്ചു
കോമളമാംവദനാംബുജെ ചിന്തിയ ......ഈശോ

6. ഭാരമേറും സ്ലീവാ, തൻപൊൻതോളിലേററി
പോകവെ വീണുമുട്ടുപൊട്ടിച്ചൊരിഞ്ഞ ...ഈശോ

7. തോൽപോൽ പൂവപ്സ്സിൽ ചേർന്നിരുന്ന
വസനം
നിർദ്ദയം യൂദരുരിടവെ ചൊരിഞ്ഞ ......ഈശോ

8. കാൽകരങ്ങൾ തന്നിൽ കാരിരുമ്പാണികൾ
ക്രൂരരാഞ്ഞതറഞ്ഞാഹാ ബഹിർഗമിച്ച ...ഈശോ

9. ലോങ്കിനോസിൻ കുന്തം ഹൃത്തടത്തിലേററു
അന്ത്യതുള്ളിയും നാഥൻചൊരിഞ്ഞിടുന്നു ...ഈശോ

10. കാൽകരത്തിൽനിന്നും പൂവൽഹൃത്തിൽനിന്നും
വാർന്നു വാർന്നൊഴുകീടുന്നു ദിവ്യരക്തം ...ഈശോ

11. ഭുവിൽവീണു നിണം ഭൂകുലുങ്ങിടുന്നു!
കല്ലറകളിൽ പാഞ്ഞുമൃതരുയിർത്തു !! ...ഈശോ

12. പാറയിങ്കൽ ചിന്തി പാറഹാ! പിളർന്നു!
സൂര്യനിലെത്തി നിഷ്പ്രഭമായ് കതിരോൻ...ഈശോ

13. പാപമാലിന്യങ്ങൾ ക്ഷാളനം ചെയ്യുവാൻ
പാപികൾ വേഗം കാൽവരിയിൽ വരുവിൻ
...ഈശോ

14. ഹാ!യീദിവ്യരക്തത്തിങ്കലൊരുതുള്ളി
ലോകവസ്തുക്കളെക്കാളമൂല്യമഹോ! ......ഈശോ

15. ഈശോ! ജീവനാഥാ! നിൻതിരുനിണത്താൽ
മൂർഖപാപിയാമെന്നെ കഴുകേണമേ!......ഈശോ

---

## VII
## ഈശോ കുരിശിൽ

ഈശോയെ ക്രൂശും താങ്ങി എ. മ.

1. കാൽവരിയിൽ ക്രൂശിൻചാരെ വന്നീടുവിൻ
മർത്ത്യരാസകലം
രക്ഷകനേ നോക്കിടുവിൻ പാപം മേലാൽ
ചെയ്കിടായ്കിനന്നുതപിപ്പിൻ.

2976
2451



2. തിരുത്തല ക്രൂശോടു ചായ്ച്ചും തിരുശിരസ്സിൽ
മുൾ മുടിധരിച്ചും
തിരുമുഖത്തിൽ നിണമണിഞ്ഞും വായ്മിഴിക
ളടഞ്ഞും ഹാ! രക്ഷകൻ ക്രൂശിൽ !!

3. രത്നമുടി ചൂടിടേണ്ടുംദിവ്യരത്നമീശോമുൾക്കിരീടം
ചൂടിടുവാൻ ഹേതു നമ്മൾ ചെയ്തപാപമാണതി
ങ്കലെന്തു സംശയം?

4. മൂന്നാണിയാൽ കാൽകരങ്ങൾ ക്രൂശിച്ചഹോയൂദർ
നിഷ്ക്കരുണം
ക്രൂർത്തകുന്തമേററുഹൃത്താർ ഹാ! പിളർന്നു രക്തവും
ജലവും വമിച്ചൂ!!

5. മൺവിൺ മദ്ധ്യേ നഗ്നമായി കാണുമീരൂപമിതാ
രുടേവാൻ?
മർത്ത്യരൂപം പൂണ്ടവരിലാരാണേവം
പീഡിതരായ് തീർന്നീഭൂമിയിൽ

6. നാഥാ! തവ ദാസരെങ്ങൾ ചെയ്തപാപമെല്ലാം
നീ പൊറുക്ക
നിൻസവിധേനിന്നുകേഴും നിൻസുതരെ തൃക്കൈ
പൊക്കിയനുഗ്രഹിക്ക.

# VIII

## ഈശോയുടെ കഷ്ടാനുഭവം

ശിവപെരുമാൻ കൃപൈപെവേണ്ടും, എ. മ.

പല്ലവി

മരിസുതനേ! യേശുദേവാ!

അ: പല്ലവി

മരക്കുരിശിൽ ജീവൻവെടിഞ്ഞനാഥാ ചാരുസ്വരൂപാ ......മരി

ചരണങ്ങൾ

1. ഗദ്സെമനിലുരംതാപാൽ സ്വേദകണം നിണമായ്
ചിന്തിടുന്നയ്യോ! ജഗന്നാഥൻ;—കാരുണ്യ നിധി ......മരി

2. താവകകോമളാംഗം, ഭീകരം യൂദജനം;
കൽത്തൂണിൽ ചേർത്തു ദണ്ഡിച്ചയ്യോ—
നറുങ്ങിമേനി .....മരി

3. പൊൻമകുടം ചൂടേണ്ടും തൻമുടിതന്നിൽദുഷ്ടർ
മുൾമുടിചൂടുന്നു മുഖാബ്ജം-രുധിരമയം ......മരി

4. ഭാരമേറും വൻസ്ലീവാ താൻവഹിക്കുന്നു മർത്ത്യ-
ത്രാണനാർത്ഥമഹോകഠോരം-മൽപാപജാലം ...മരി

5. കാൽവരിമലതന്നിൽ കാരിരുമ്പാണികളിൽ
കാൽകരം ഹാ! കഷ്ടം! ക്രൂശിന്മേൽ—
ക്രൂശിത താതാ! ......മരി

6. മൂന്നുമണി സമയം പ്രാണവേദനയാലെ
ഖിന്നനായ്കേണു പാപവൈരി-ദയാപയോധി...മരി
7. നീതിസൂര്യൻ മിശിഹാ പ്രാണനർപ്പിച്ചിടവെ
സൂര്യനിരുണ്ടിരുൾ പൂണ്ടെങ്ങും-ഭയജനകം ......മരി
8. ക്രൂരകുന്തം തറച്ചു; പൂവൽ ഹൃന്ദിതുറന്നു
കഷ്ടമേ! ചോര ചിന്തിടുന്നു-ദിവ്യാജപോതം ........മരി
9. പാപികളാമെങ്ങൾക്കായ് പാടുപെട്ടുമരിച്ചു
പാപസംഹാരാ! പരിപാഹി പരമനാഥാ! ......മരി

---

## IX
# വി. കുർബ്ബാനസ്തുതി

വാനലോകർ വാഴ്ത്തും വിരുന്നേ. എ. മ.

1. ദിവ്യബലിപീഠമതിൽ സ്വർഗ്ഗതുല്യം സക്രാരിയിൽ
ദിവ്യമാം ക്രൂദാശയിങ്കൽ സത്യദൈവമീശോവാഴ്വൂ!
2. ആത്മാവിൻനൽ ഭോജനമേ! ആക്കും സ്നേഹ
ഭാജനമേ!
ആത്മജരടിയരങ്ങേ ഭക്തിയായ് ഭജിച്ചിടുന്നു.
3. മാലാഖമാർ, പുണ്യവാന്മാരേവരുമമിതഭക്ത്യാ
സാഷ്ടാംഗം വീണാരാധിക്കുന്നീശോയെയനവരതം.
4. മാംസരക്തം ഭോജനപാനീയമായിങ്ങാത്മനൽകും ?
മാംസമാമീയപ്പമതിലീശോ പൂർണ്ണനായ്‌വസിപ്പൂ!
5. അഞ്ചപ്പമയ്യായിരംപേർക്കേകി പൂർണ്ണതൃപ്തരാക്കി
മിഞ്ചിപ്പിച്ച ദിവ്യശക്തിലോകർക്കീശോ കാട്ടിയന്നു!!

6. ഭാരംപേറും മർത്ത്യരെല്ലാം വന്നിടുവിനെൻ
സവിധെ
ആശ്വസിപ്പിച്ചാനന്ദമരുളിടാംഞാൻ വാവാവേഗം.
7. കഷ്ടതകൾ, ദാരിദ്ര്യങ്ങൾ, സങ്കടങ്ങൾ, വൻ-
ക്ലേശങ്ങൾ,
കാഴ്ചവെയ്ക്കിനാശ്വാസംഞാൻ നൽകിടാമഭയമേകാം.
8. സക്രാരിയിൽനിന്നിമ്പമായ് മാടിവിളിച്ചീടുന്നീശോ!!
താവകപൂമേനിയെന്നശനമാക്കാൻ നിൻക്ഷണനം!!!
9. നാഥാ! നീയിമ്മാത്രമെന്നെ സ്നേഹിച്ചീടാനെന്തു
ബന്ധം ?
സ്നേഹപാശത്താൽ ബന്ധിക്കനിന്നിൽ നിന്നകന്നി
ടായ്വാൻ.
10. എൻമാംസംഭക്ഷിക്കുകയും രക്തംപാനംചെയ്യുകയും
ചെയ്യുവോർക്കെല്ലാമനന്തമോക്ഷഭാഗ്യംനൽകിടുവേൻ
11. യോഗ്യമായ് ഭക്ഷിച്ചിടുവിൻ മോക്ഷഭാഗ്യം
കൈവരിപ്പാൻ
യോഗ്യഹീനംഭക്ഷിച്ചെന്നാൽ വീണിടുംനരകമതിൽ
12. ഈശോ! എന്നിൽ വന്നുവാസംചെയ്ക നീ
സമ്മോദമായി
നിന്നെ ഞാൻ തഴുകിടുന്നു, എന്നിൽനിന്നകന്നിടല്ലേ
13. വാഴ്കവാഴ്ക ലോകനാഥാ! വാഴ്കവാഴ്ക
നാകരാജാ !
വാഴ്ക വാഴ്കെന്നാത്മനാഥാ ! വാഴ്ക വാഴ്ക
മംഗളംതേ.

---

X

# വി. കുർബ്ബാനയുടെ മുമ്പിൽ

ആരാധനസ്തോത്രലേസ് എ.മ.

1. ദിവ്യകൂദാശയിൽ വാണരുളുമീശോ!
ആശയോടങ്ങയെയാരാധിക്കുന്നേൻ
വാഴ്ക സുരേശാ! വാഴ്ക ലോകപാലാ!
വന്ദനമേശുരാജാ! വന്ദനംസ്നേഹരാജാ!
വന്ദനം സ്വർഗ്ഗരാജാ! എന്നുള്ളിൽ.

2. "ഭക്ഷിപ്പിൻ"നെൻശരീരം, എന്നുശിഷ്യരോടു
കല്പിച്ചസ്നേഹാധിക്യത്താലഹോ!
സൽപ്രസാദത്തിൽ ഉൾപ്രമോദാൽവാഴ്വൂ
......വന്ദനം

3. ആരുതരുമേവം മാംസമശനമായ്
യേശുവിൻ സ്നേഹാധിക്യം വിസ്മയം
"പെല്ലിക്കാ"നെപ്പോൾ പോരുമന്നേശു
രാജൻ!!! ......വന്ദനം

4. ആത്മാവിൻ ജീവനം പാപികൾക്കൌഷധം
ഭക്താത്മാക്കൾക്കു പുണ്യവർദ്ധകം
യോഗ്യവിഹീനംഭക്ഷിച്ചെന്നാൽശാപം...വന്ദനം

5. ലോകാന്ത്യംവരെയുംം മർത്ത്യമക്കളോടു
വാസം ചെയ്തീടുവാനായ് രാപകൽ
സക്രാരിയിങ്കൽ ബന്ധനസ്ഥനീശോ ......വന്ദനം

6. ഭാരംചുമക്കുന്ന മർത്ത്യരേ! വരുവിൻ
ഞാനഭയം തരുവേൻ വന്നിടിൻ
മർത്ത്യരെയീശൻ മാടി വിളിക്കുന്നു ......വന്ദനം

7. സ്വൎഗ്ഗസദൃശം ഹാ! ദിവ്യബലിപീഠം
സത്യദൈവം മിശിഹാ വാഴ്കയാൽ
വന്നുവണങ്ങി നന്മകൾ പ്രാപിപ്പിൻ......വന്നാലും

---

## XI

## ദൈവദൂഷണപരിഹാരഗീതം

ശ്രീ ശിവഷൺമുഖവേലനേ! എ. മ.

1. മംഗളരൂപൻ സൎവ്വേശ്വരൻ
വാഴ്ത്തപ്പെട്ടവനായിടട്ടെ!
തന്റെതിരുനാമമെന്നുമേ
വാഴ്ത്തപ്പെട്ടതായി തീരട്ടെ!

2. പട്ടാങ്ങയായുള്ള ദൈവവും
പട്ടാങ്ങയായനരനുമാം
ദിവ്യനീശോമിശിഹാ സദാ
വാഴ്ത്തപ്പെട്ടവനായീടട്ടെ!

3. ഈശോയിൻ പാവനമാം നാമം
വാഴ്ത്തപ്പെട്ടതായിത്തീരട്ടെ!
അങ്ങേയമലമാം ഹൃദയം
വാഴ്ത്തപ്പെട്ടതായി തീരട്ടെ!

4. ദിവ്യബലിപീഠത്തിൽ സദാ
ദിവ്യക്രൂദാശയിൽ വാണിടും
ദിവ്യനീശോമിശിഹാ നിത്യം
വാഴ്ത്തപ്പെട്ടവനായിടട്ടെ!

5. ദേവമാതാമറിയം ചിരം
വാഴ്ത്തപ്പെട്ടവളായിടട്ടെ!
തൻപരിശുദ്ധാമലോത്ഭവം
വാഴ്ത്തപ്പെട്ടതായിതീരട്ടെ!

6. കന്യകമാതാമേരിനാമം
വാഴ്ത്തപ്പെട്ടതായി തീരട്ടെ!
തൻവിരക്തകാന്തനാം യൗസേപ്പ്,
വാഴ്ത്തപ്പെട്ടവനായിടട്ടെ!

7. സർവ്വശക്തനാം സർവ്വേശ്വരൻ
തൻെറ മാലാഖാവൃന്ദത്തിലും
തൻപരിശുദ്ധഗണത്തിലും
വാഴ്ത്തപ്പെട്ടവനായീടട്ടെ!

# XII

## ഈശോയുടെ തിരുഹൃദയം

ഓ മാതാവേ! സ്വര്‍ഗ്ഗരാജ്ഞി. എം. മ.

1. ഈശോയുടെ ഹൃദയമേ!
ക്ലേശിതര്‍ക്കിന്നാശ്വാസമേ!
ആശിക്കുന്നേന്‍ സ്നേഹിക്കുവാന്‍.
യേശുഹൃത്തേ! വെല്‍വൂതാക!!
യേശുഹൃത്തേ! വെല്‍വൂതാക!!

2. നിത്യതാതനേകസുതന്‍
സ്തുത്യകന്യാംബിക ജാതന്‍
മര്‍ത്ത്യരക്ഷ ചെയ്ത താതന്‍
യേശുഹൃത്തേ! വെല്‍വൂതാക!!

3. നന്മനിധി ദിവ്യജ്ഞാന-
മെന്നിവയാല്‍ സംപൂര്‍ണ്ണമായ്
സ്നേഹാഗ്നിയാല്‍ പ്രോജ്ജ്വലിക്കും
യേശുഹൃത്തേ ! വെല്‍വൂതാക !!

4. സന്തപിച്ചിടും നരരെ
സന്തോഷാബ്ധിയിങ്കലാഴ്ത്തും
ശാന്തഗുണധാമമേ! ശ്രീ-
യേശുഹൃത്തേ ! വെല്‍വൂതാക !!

5. നല്ലിടയനീശോയെ നി-
ന്നാലയല്ലീയാട്ടുകൾക്കായ്
നല്ലതായ് തുറന്നിരിപ്പൂ?
യേശുഹൃത്തേ! വെൽവൂതാക!!

6. ആശ്രിതഗണത്തിനെല്ലാം
ആശപോലാനന്ദമേകം
വിശ്രുത വരദാ! വിഭോ!
യേശുഹൃത്തേ! വെൽവൂതാക!!

---

## XIII
## തിരുഹൃദയസ്തുതി

പ്രേമക്കാ ഹേ ഇസ്ജഗമേ ബംദ്നിരാലാ എം. മ.

പ്രേമരൂപാ! യേശുദേവനേ!
നാകലോകേശാ!
പ്രേമമൂർത്തേ തവഹൃദയം അനുപമസുഖദം.
വഹ്നിയാളും തവഹൃദയം മൾമുടിയാലാവൃതം.
നന്മപൂർണ്ണം തവഹൃദയം നിരുപമവരദം.
ദിവ്യൗഷധം തവഹൃദയം നരപാപസംഹരം.
ദൈവാലയം തവഹൃദയം സുരവരവന്ദിതം.

സ്വർഗ്ഗവാതിൽ തവഹൃദയം പരിശുദ്ധഭവനം.
കന്തമേററ തവഹൃദയം സന്തതമെന്നഭയം.
പാപികൾക്കായ് തവഹൃദയം പരിതാപഭരിതം.
സക്രാരിയിൽ തവഹൃദയം നിന്ദിതം ദിവാനിശം.
സ്നേഹാംബുധി തവഹൃദയം ശ്രിതജനരക്ഷകം
വാഴ്കഭവൽ തിരുഹൃദയം വാഴ്കവാഴ്കമംഗളം.

---

## XIV
## "ക്രിസ്തുരാജൻ"

ജനഗണമന. എ. മ.

ജയ ജഗല്പതേ ! സുരസേവിതാ ! വരദാ!
വാഴ്ക വാഴ്ക പരനേ !
സ്വർല്ലോകരാജാ ! ഭുവനേശാ സർവ്വേശാ!
ഹാ ! ക്രിസ്തുരാജാ മഹേശാ !
നിർമ്മലകന്യക മേരിയിൽ ജാതാ !
നിൻപദമേ ഗതി താതാ !
തവ ഭരണം ഭുവി വരണേ !
തവ ശരണം മമ രാജാ !
ഈശാ ! പാപാപഹാരാ !
ജയ ജയ മംഗളദായക വിമലാ
ഭാവുക ദായക ദേവാ !
വരദാ ! വരദാ ! വരദാ !
ജയ ജയ ജയ വരദാ !
ഭാവുക ദായക ദേവാ !

# XV
## ക്രിസ്തുരാജൻ

ആടുവോമേപള്ളി പാടുവോമേ എ. മ.

പല്ലവി

ക്രിസ്തുരാജാ! സുരലോകരാജാ!
രാജാധിരാജാ ജയാ! അനന്തസ്നേഹരാജാ!

ചരണങ്ങൾ

1. ഭൂമൗനിരന്തരം നിൻഭരണം ചിരം
എല്ലാ നരക്കർമ്മമിതാനന്ദപ്രദം
നിൻെറരാജ്യം ശുഭം വന്നിടേണമെങ്ങും
ശാശ്വതമാം സമാധാനം കൈവരേണം ......ക്രിസ്തു

2. നിൻപ്രജാസഞ്ചയമാനസതാരിൽ
അൻപൊടെഴുന്നള്ളുക സ്നേഹരാജാവേ!
നിൻ തിരുവുള്ളംപോൽ നീ ഭരിക്ക നിന്നിൽ
നിന്നകന്നുപോയിടാസ്സാൻ നീ തുണയ്ക്ക...... ക്രിസ്തു

3. കാലികൾശാലയിൽ വന്നുദിച്ചരാജൻ
സ്വപ്രജകൾക്കായ് ജീവനർപ്പിച്ച രാജൻ
യൂദരുടെപരിഹാസരാജൻ!! വാനിൽ
ന്യായവിധിയ്ക്കായ് വരുമേ രാജരാജൻ!!! ... ക്രിസ്തു

4. ലോകസമാധാനംതേടിടുന്ന നരർ
ക്രിസ്തുരാജേശസവിധത്തിലണയ്കിൻ
ക്രിസ്തുവില്ലാശാന്തിശാശ്വതമോ? മണൽ
തിട്ടമേൽപണിത സൗധം പോൽ തകരുമേ
...ക്രിസ്തു

5. സത്യവും ധമ്മവും നീതിയും ന്യായവും
സ്വാതന്ത്ര്യാർഹമാം സമത്വസാഹോദര്യവും
ക്രിസ്തുവിൻ രാജ്യത്തിലുണ്ടുവേണ്ടുന്നപോൽ
ക്രിസ്തുവിൻപതാക കീഴിൽവന്നുക്കൂടുവിൻ ...ക്രിസ്തു

▾▾▾▾▾▾▾▾▾▾

I

## ദേവമാതാഗീതങ്ങൾ

മരിമണി മരതകസുത. എ. മ.

പല്ലവി

ശ്രീനിധേ! മറിയമേ മമ ജനനിയെ ജഗന്നാഥേ!
ജയ ജയ സതതം.

ചരണങ്ങൾ

1. നാകലോകനായികയേ! യേശുവിൻ പൊൻതായേ!
കന്മഷരഹിതയെ തവ ചരണകമലമേ മൽ
ഗതിയനുദിനമെ ......ശ്രീനിധേ!

2. പാപികൾക്കുള്ളേകാലംബംനീയെ തായെ മേന്മേൽ
പാലയസുരവരപുരെ പരിചൊടമരും നാഥേ!
വിമലസ്വർഗ്ഗറാണി; ......ശ്രീനിധേ!

3. അമ്മേ! നിന്നെനോക്കി ഞങ്ങൾ കെഞ്ചിടുന്നു പാരം
കന്യകേ! കനിവുള്ളതായേ തവസുതർ ഞങ്ങൾ-
ക്കെന്നുമഭയമാകണമേ! ......ശ്രീനിധേ!

## II

തിരുഅരുൾ പുരിയുവാൻ എ. മ.

1. ഓ! മാതാവേ! ലോകനാഥേ! വാഴ്കമേരിറാണി
പ്രാതകാലതാരം നീയേ തായേ വാഴ്ക!!

2. ജന്മപാപലേശമെന്ന്യമന്നിൽ ജാതയായ
നിർമ്മലേ! നിൻപാദം കുമ്പിടാം സമോദം.

3. സർവ്വശക്തനേശുവിനെ കൈയിലേന്തും തായേ!
പാപിയെ നിൻകൈയാൽ താങ്ങിരക്ഷിക്കേണെ.

4. പാപതിമിരാവൃതമാമീഭുവനദീപം
ഭൂപാപസംഹാരി ഈശോഹാ! നിൻസൂനു!!

5. കണ്ടകമദ്ധ്യേ വിലസും നൽസുമസമാനം
ആദപുത്രിമാരിൽ നീയഹോ സൗഭാഗ്യ!!

6. പുത്രരോടിമ്മാത്രം സ്നേഹം കാട്ടിടുമെന്നമ്മേ!
ആരിപ്പാപിക്കയ്യോ! നീയല്ലാ താലംബം?

7. സ്വർഗ്ഗരാജ്ഞിയായ് മകുടം ചൂടിയ കന്യാംബേ!
സ്വർഗ്ഗം പ്രാപിച്ചീടാൻ സന്തതം തുണയ്ക്കു.

8. നിത്യനരകാഗ്നിയിങ്കൽ വീണിടായ്വാനെന്നും
നിത്യവും നിൻനാമം ഭക്ത്യാ ഭജിക്കുന്നേൻ.

9. ദൈവകോപമർത്ഥനയാൽ ശാന്തമാക്കുമമ്മേ!
ശാപാർഹനെനിക്കായ് സർവ്വദാ പ്രാർത്ഥിക്ക.

## III

എത്ര നല്ലീശോനാഥ! എ. മ.

1. നാഥേ! മാതാവേ! മേരീ! നാകലോകത്തിൻ രാജ്ഞീ!
നിർമ്മലദേവമാതേ! നിൻപാദം കുമ്പിടുന്നേൻ.

2. ആമയഹാരിണിയേ! ആനന്ദദായകിയേ!
ആരും തുണയില്ലമ്മേ! ആശ്രയമാകണമേ!

3. ജന്മപാപമില്ലാതെ ജന്മമെടുത്ത ധന്യേ!
നന്മനിറഞ്ഞോരമ്മേ! കന്മഷം നീക്കുകമാം.

4. പ്രഭാതനക്ഷത്രമേ! പ്രഭയേറും സുന്ദരി!
പ്രിയസുതനോടെന്നും പ്രാർത്ഥിക്കണേഞങ്ങൾക്കായ്

5. പാപാപഹാരിണിയേ പാപികൾസങ്കേതമേ
പാപിയാമെന്നെ സദാ പാലിക്കണെ സദയം

---

## IV

വരവീണമൃദുവാണി എ. മ.

സുരറാണീ! മരിയാംബേ!
സുരരാജനാം മിശിഹാമാതേ!
സുഗുണകന്യേ! വരദേ ധന്യേ!
സുഭഗശീലേ! വാ.........ഴ്ക.

അനുദിനമടിപണിയുന്നേൻ
അമലോത്ഭവേ അമൃതമ്മേ!
അനുപമസ്വർഗ്ഗരാജ്യരാജ്ഞിയേ!
പാപികൾ ഞങ്ങൾക്കാ........ ലംബം
പരലോകപരമമലമേ! ജയ ജയ ജയ.

---

# V

## അനുശോചനം

യേശുവേ, എൻ ജീവനാഥാ! എ. മ.

1. വ്യാകുലമാതാവേ! മേരി ആകുലന്മാർക്കാശ്വാസമേ!
ആകുലാബ്ധി തന്നിൽ മുങ്ങികേണിടുന്നേൻ നിന്നോടൊപ്പം.

2. യൂദരാലേ ഘോരമൃത്യുവേററ തവ പുത്രനല്ലോ
നിൻ മടിയിൽ ഹാ! ശയിപ്പൂ വെൺതാമരപുഷ്പ തുല്യം.

3. ദേഹമെല്ലാമേകവ്രണമായിക്കാണുന്നയ്യോ തായേ!
നീണ്ടമുടിയാസകലം രക്തമൊട്ടിച്ചേർന്നിരിപ്പൂ.

4. കോമളമാം ദിവ്യമുഖം ചോരയാലയ്യോ വിരൂപം
തൃക്കണ്ണുകൾ രണ്ടുമടഞ്ഞാഹാ നാഥൻ നിദ്രചെയ്വൂ!

5. ദിവ്യവചനം പൊഴിച്ചദിവ്യാധരം നിശ്ചലമായ്
ദിവ്യതാതാ! വായ് തുറന്നു നൽവചനം ചൊൽക ഭവാൻ.

6. അമ്മേ ഞാനിക്കാണ്മതെന്തേ, നിൻ സുതന്റെ ദിവ്യമാർവ്വിൽ
ആരിതു ചെയ്തയ്യോ തായേ! ആരസഹിച്ചീടും പാരിൽ?

7. കുന്തമേററപാടുകണ്ടെന്നന്തരംഗം നൊന്തിടുന്നു.
ചോരയും ജലവുമായിപാഞ്ഞപാടും കാണുന്നിതാ

8. ആഴമേറുമിമ്മുറിവിൽ ശത്രുജാലം കണ്ടിടായ്വാൻ
ഞാനൊളിച്ചിരുന്നിടട്ടെ ആഹായെന്നഭയ
കേന്ദ്രം!!

9. കൈകാൽകളിലാണിയേററപാടുകളിൽ നിന്നു
നിണം
ചിന്തിയൊഴുകിയുണങ്ങി കാണുന്നിതാ ഭീകരമായ്.

10. അമ്മെ നമ്മളെങ്ങു ദിവ്യനാഥദേഹം സംസ്ക്ക
രിക്കും ?
എൻ ഹൃദയം ഞാനൊരുക്കാം നിൻ സുതനെ
സംസ്ക്കരിപ്പാൻ.

11. ആഹായെങ്കിൽ ഭാഗ്യവാൻ ഞാൻ നിൻസുതൻെറ
കല്ലറ ഞാൻ!
കല്ലറയാമെന്നരികിൽ കാവലായിരിക്ക തായേ!

12. ഈശോ! എന്നിൽ നിന്നകന്നു പോയിടല്ലെ കാൽ
നിമിഷം
നീയെന്നിലില്ലായ്കിൽ മമ ഭൂമിവാസം ഹാ
വിഫലം.

---

# VI

## ഫാത്തിമാ മാതാവ്

രഘുപതിരാഘവരാജാറാം എ. മ.

1. ആദപുത്രിമാരിൽ ഭാഗ്യവതി !
നീയേ ഫാത്തിമമാതാവേ !
മുള്ളുകൾമദ്ധ്യേ വിടിന്നദിവ്യ
സൂനമേ പരലോകപരിമളമേ !

2. ആമയഹാരിയാം മേരിറാണി
അൻപെഴമമലയാം നാരിമണി
നിൻപദപങ്കജമൻപൊട്ടു ഞാൻ
കുമ്പിട്ടുന്നേൻ കനിയേണമമ്മേ !

3. ദിനകരനെ വസ്ത്രമായണിഞ്ഞും
പനിമതിയെ പീഠമാക്കിയും ഹാ!
താരകിരീടമണിഞ്ഞുവാഴും
വാനവറാണിയാം മേരിയമ്മേ

4. ലൂസിജസിന്ത ഫ്രാൻസിസ്കോയിവ-
ക്കാദരവണഹാ! ഫാത്തിമയിൽ
ക്രൂശമൂലം ദിവ്യദർശനമായ്
ലോകക്ക്സന്ദേശം തന്നതായേ !

5. ഘോരരിപുസാത്താനണഞ്ഞിടുമ്പോൾ
സന്താപാൽ നെഞ്ചു പിളന്നിടുമ്പോൾ
മരണപ്രമാദാൽ ഞാൻ കലങ്ങിടുമ്പോൾ
നീയൊഴിഞ്ഞാശ്രയമാരമ്മേ?

6. പാപപരിഹാരം ചെയ്തീടുവിൻ,
തീഷ്ണതാപൂർവ്വമത്ഥിച്ചിടുവിൻ
ജപമാലനിത്യവും കാഴ്ചവെയ്പിൻ
നാഥയെ സംപ്രീതയാക്കീടുവിൻ.

---

## വിശുദ്ധന്മാരെക്കുറിച്ചുള്ള ഗീതങ്ങൾ

### I

### വി. യൗസേപ്പ്

ബ്രൂഹിമുകുന്ദേതി എ. മ.

പല്ലവി

വന്ദ്യനേ! യൗസേപ്പേ! മുനിയേ!

ചരണങ്ങൾ

1. കന്യകമേരിയിൻ ശ്രീമണാളാ!
ധന്യാ! നിൻപദ ദാസരെപാഹി......വന്ദ്യ

2. ഗാർഹസ്ത്യമാതൃകയാക്കും കാട്ടി
ബ്രഹ്മചാരിയായ് വാണ ഗംഭീരാ!......വന്ദ്യ

3. ഈശൻ പൊൻമടി തന്മേലാത്മം
കൈവെടിഞ്ഞൊരു സൗഭാഗ്യശാലി!......വന്ദ്യ

4. പാതാളം പൂകിയദ്ദിവ്യന്മാരെ
രക്ഷകാഗമനമറിയിച്ച......വന്ദ്യ

5. സത്യസഭാപാലാ! ഭക്താത്മാവേ!
പ്രാർത്ഥിക്കേണമെ സത്യസഭയ്ക്കായ്......വന്ദ്യ

6. നന്മരണമടഞ്ഞീടാനെന്മേൽ
നന്മപൊഴിച്ചരുളേണെ മുനീന്ദ്രാ!......വന്ദ്യ

---

II

## വി. മിഖായേൽ

മന്നാ ജയജയ മന്നാ ജയജയ് എ. മ.

1. സ്വർഗ്ഗലോകസേനകളിൽവെച്ചുന്നതനേവന്ദ്യാ!
മിഖേലേ!
വാഴ്ത്തീടുന്നു നിന്നെ എന്നാളും വാഴ്ത്തീടുന്നു
നിന്നെ.

2. ഒൻപതുവൃന്ദംഭൂതഗണങ്ങളിൽ
മുൻപനായ്ലാലസിക്കും നിൻപാദം
കുമ്പിടുന്നടിയൻ പൊൻപാദം കുമ്പിടുന്നടിയൻ.

3. "ദൈവസമാനനാരെ"ന്നലറിക്രൂര-
സാത്താനോടേററധീരാ! ഗംഭീരാ
സന്തതം തുണയ്ക്ക ഗംഭീരാ! സന്തതം തുണയ്ക്ക.

4. ലോകം പിശാചു ശരീരമെന്നീശത്രു
വൃന്ദങ്ങളെജയിപ്പാൻ സദാപി
നീ തുണചെയ്തിടണേ സദാപിനീതുണചെയ്തിടണേ.

5. സാത്താനോടേററുപൊരുതിയടർക്കളം
തന്നിൽഞാൻ വീണിടുമ്പോഠം നിൻതൃക്കൈ
തന്നുതാങ്ങിടണേ! നിൻതൃക്കൈ തന്നുതാങ്ങിടണേ!

6. ദൈവത്തിൻ സവ്വസൈന്യാധിപൻ നീയല്ലോ
നിൻ സൈന്യവ്യൂഹമതിലെന്നേയും
ചേത്തുപോററിടണെ, എന്നെയും ചേത്തു
പോററിടണെ.

7. ക്രിസ്തുവിനായ് നിത്യം ധീരധീരം പൊരു
തീടുവൻ ഞാനനന്തസ്വർല്ലോക
ഭാഗ്യംനേടീടുവാൻ സ്വർല്ലോകഭാഗ്യംനേടിടുവാൻ.

---

## III
## വി. അന്തോനീസ്

മായാപ്രപഞ്ചത്തിൽ. എ. മ.

പല്ലവി

കീത്തിയേറും ഗോത്രജാതനെ ധന്യനേ!
ഈശസംപ്രീത പരിശുദ്ധാന്തോനീസേ!

ചരണങ്ങഠം

1. സംസാരസാഗരേ നീന്തിടുമേഴയെൻ
സങ്കടം സംഹരിക്കേണമെ താതാ!
സതതവും ദൈവസ്മരണയോടടിയൻ
വാണിടുവാൻ വരമേകണമെന്മേൽ
അത്ഭുതമുഖ്യനാം പുണ്യവാനേ! ജയ .....കീത്തി

2. ആശ്രിതർക്കാശ്രയമായിട്ടമിശോനി–
ന്നാശയംപോൽ കരതളിരതിൽ വാഴ്വൂ!
എന്തൊരു ഭാഗ്യം, നിൻസൗഭാഗ്യം!
നിന്നടിയിണനമിക്കുന്നു ഞാൻ മോദാൽ
അത്ഭുതമുഖ്യനാം പുണ്യവാനേ, ജയ ......കീർത്തി

---

## IV
## വി. കൊച്ചുത്രേസ്യാ

ഈശോയെ സ്നേഹസ്വരൂപാ! എ. മ.

പല്ലവി

ഫ്രാൻസിലലെൻസോപുരിയിൽ
മാർട്ടിൻ സുതയായ് സംജാത
ഈശോയുടെ ചെറുസൂനം.

ചരണങ്ങൾ

1. കർമ്മലത്തേൻമലക്കാവിൽ ചേതോഹരമായ് വിടർന്ന
മഞ്ജുളറോസാസുമമേ! ദിവ്യസുഗന്ധസംവാഹി!
ലിസ്യൂവിലെച്ചെറുസൂനം വർഷിപ്പൂനൽവരസൂനം
...ഫ്രാ

2. ആരോമലുണ്ണിയീശോയെ, ആത്മമണാളനായ് തീർത്തു
ആരിതുപോലിത്രവേഗാലാരാലും സംപൂജ്യയായി?
അത്ഭുതമുഖ്യേപൊൽപാദം ഭക്തിയായാ–
നമിക്കുന്നേൻ...ഫ്രാ

3. ആരാണിക്കന്യകാരത്നം? മാലാഖമാരാൽപരീത!
ത്രീത്വത്തിൻ വാത്സല്യപൈതൽ! ഈശോയുടെ
ചെറുപുഷ്പം!
മാമരിമേരിസുപ്രീയ! യൗസേപ്പിന്നോമനസൂന!!
...ഫ്രാ

4. ഈശോയിൻസന്നിധിചേരാൻ, ശാശ്വത-
സൗഭാഗ്യം നേടാൻ,
ആശിസിന്നേകണമെന്മേൽ, ആശ്വാസ-
മേകണമമ്മേ!
വിശ്വത്തിൻനശ്വരമോഹം, സംത്യജിച്ചധന്യ-
കന്യേ!...ഫ്രാ

5. ത്രേസ്യാമ്മെ നിന്നർത്ഥനയാൽ, ശാന്തിയുണ്ടാ-
കട്ടെഭൂമൗ
പാപികൾശുദ്ധരാകട്ടെ! ദൈവരാജ്യംപരക്കട്ടെ!
സ്വർഗ്ഗത്തിലെത്തട്ടെഞങ്ങൾ നിന്നൊടൊത്തു-
ല്ലസിച്ചീടാൻ.....ഫ്രാ

---

## V

## വി. കൊച്ചുത്രേസ്യാ

ഭജനശെയ്‌വോം. എ. മ.

പല്ലവി

വില്ലസിട്ടുക ചെറുസൂനം,

അനുപല്ലവി

കർമ്മലപ്പൂന്തോപ്പിൽ വിടിന്ന നൽസൂനമേ!
വരദളം ചൊരിയേണേ .....വിലസിട്ടുക

ചരണങ്ങൾ

1. പരിമളസുഗന്ധം വീശിടുന്നസൂനം
പരഗതിപ്രദനീശോ സൂനം
ഭുവിപലക്ലേശമേററ മഞ്ജുളസൂനം
പാപികൾക്കായർത്ഥിക്കും സൂനം......ഭുവി......വില

2. ജഗൽപിതാമോദാൽ വളർത്തിയ സൂനം
സുരഭീ[illegible] വിലസുന്ന ചെറുസൂനം
ദിവ്യവരസൂനമെന്മേൽ ചൊരിയണേ!
മംഗളരൂപെ ത്രേസ്യാമ്മെ ......സദാ......വില

---

## VI

## വി. അലോഷ്യസ്

കരുണാനിധി യേശുവേ! നിൻെറ എ. മ.

1. ലില്ലിപ്പൂപോലെ ശുദ്ധതയുള്ള
വന്ദ്യനാം സെൻറലോഷ്യസേ!
അല്ലലെല്ലാമകററുവാൻ കനി
യേണമേ കരുണാനിധേ!

2. മാലാഖാമാർക്കൊത്ത പുണ്യങ്ങൾ
കൊണ്ടലംകൃതനായനിൻ
പാലനമരുളീടണെപുണ്യം
ചെയ്യുവാൻ സ്വർഗ്ഗം പൂകുവാൻ

3. രാജ്യവുംമിന്നും പൊൻകിരീടവും
സംത്യജിച്ചവൻ ത്യാഗിനിൻ
പൂജ്യപാദപങ്കേരുഹംമമ
മാർഗ്ഗദർശകമാകട്ടെ!

4. ഈശോയെ പ്രതിലോകവുമതിൻ
നശ്വരസുഖജാലവും
വാശിയോടു പരിത്യജിച്ചു നീ
ശാശ്വതസുഖംനേടുവാൻ

5. ദൈവമാതാവിനേററം പ്രീതനായ്
സേവനം ചെയ്തധന്യനേ!
അദ്വിതീയനായ് തീക്കണെദൈവ
മാതൃഭക്തിയിലെന്നെയും

6. നന്മരണമടഞ്ഞുമോക്ഷത്തിൽ
നിന്നോടൊത്തുല്ലസിക്കുവാൻ
നന്മചെയ്യണെ ഭക്തവത്സലാ!
പ്രാർത്ഥിക്കാം ഞങ്ങൾക്കായ് സദാ

7. പാപച്ചേററിൽപുതഞ്ഞുഴലു
മനേകകോടിയു വാക്കന്മാർ
പാപവൈരിനിൻ ദിവ്യജീവിതം
മാതൃയാക്കിത്തീക്കട്ടെ.

# ശുദ്ധീകരാത്മാക്കൾ

സുരലോക രാജരാജൻ. എ. മ.

1. എരിയും ഘോരാഗ്നിയിങ്കലുഴലുന്ന സോദരങ്ങൾ
എരിവോടു നമ്മെനോക്കി കരയുന്നു കഷ്ടമയ്യോ!

2. സുരലോകം പൂകിടുവാൻ സുരസേവ്യ മേരിയോടായ്
പരിതാപഭാരമോടെ, വിലപിച്ചിടുന്നു ചെമ്മേ!

3. "...തുള്ളിവെള്ളമിങ്ങു തരണേ"യെന്നുഗ്രദാഹാൽ
സതത... കെഞ്ചിടുന്നവർ ശിലയുമലിയുമാറായ്.

4. ഭുവനേ സൗഭാഗ്യപൂർവ്വം വിഹരിപ്പൂ നമ്മളിന്നു,
കഠിനംഹാ, സോദരങ്ങൾ എരിയും തീച്ചൂളയിങ്കൽ!!

5. നിയതമവർക്കു മോക്ഷമരുളുമമലനീശോ
പൊളിയല്ല സംശയം കന്മഷർനമ്മൾക്കന്ത്യഭാഗ്യം.

6. തിരുബലികാഴ്ചവെയ്പിൻ പുരുഭക്ത്യാ പ്രാർത്ഥിക്കു-
വിൻ.
അതിമോദാൽ ധർമ്മം ചെയ്പിൻ സദയം രക്ഷിച്ചിടു-
വിൻ.

7. ഹിതസൽപ്രവൃത്തിയാലപ്പരവശർ ഭാഗ്യലോകം
അതിവേഗാൽ കൈവരിക്കും അഹർന്നിശം നമ്മെ-
യോർക്കും.

---

# അന്ത്യചിന്ത

അംബികെ ഉൻമകൻ ഗുഹൻ. എ. മ.

പല്ലവി

സോദരന്മാരെ കേൾക്കുവിൻ
അന്ത്യത്തെ ചിന്തിച്ചീടുവിൻ.

ചരണങ്ങൾ

1. ഇക്കാണും ലോകമതിൽ നിന്നു നാം പോയിടണം
നിശ്ചയമില്ലെന്നുമെവിടെയെന്നുമെപ്പോളെന്നും
...സോദര
2. ബന്ധുക്കൾ സ്നേഹിതന്മാർ ഭാര്യാസന്താനങ്ങളും
മാറിൽതല്ലിക്കരയുമാരുമേ വരികയില്ല ...സോദര
3. ആടും മാടും ധനവും വീടും വസ്തുവകകൾ
കൂടെവരികയില്ല ആരുമെ തുണയുമില്ല. ...സോദര
4. പണ്ഡിതപാമരന്മാരെന്നൊരു ഭേദമില്ല
വർണ്ണവർഗ്ഗവ്യത്യാസമൊന്നുമില്ലുണർന്നിരിപ്പിൻ.
...സോദര
5. ബാലനും വൃദ്ധനും യുവാവും മരിച്ചിടുമേ
ആരറിവൂ മരണനാഴികദൈവമെന്നിയേ ...സോദര
6. ഇന്നുകാണും നരരെ നാളെ കാണുന്നതില്ല
ഇന്നു ഞാനെങ്കിൽ നാളെ നീ മരണത്തിന്നിരതാൻ.
...സോദര
7. ഞാനിപ്പോളെങ്ങും മൃതിപ്പെട്ടീടുകില്ലദൃഢം
എന്നെണ്ണിടുന്നഭോഷൻ മിന്നൽപോൽ പൊലി
ഞ്ഞിടുന്നു. ...സോദര
8. ലോകമഖിലം നേടിയാലുമാത്മം നശിച്ചാ-
ലെന്തു ഫലമതിനാൽ ദൈവരാജ്യം തേടിടുവിൻ
...സോദര

# പോപ്പുരാജൻ

നന്മനിറഞ്ഞൊരമ്മേ. എ. മ.

1. പോപ്പുരാജൻമഹാത്മൻ പീയൂസാഖ്യൻവിഖ്യാതൻ
അപ്പോസ്തലപ്രമുഖൻ സെൻപീററിൻ പിൻഗാമി.
അനിതരഗുണഗണമിയലുമനന്തസ്നേഹ-
നിധിതിരുമരിസുതനവനിയിൽ സ്ഥാനപതി.
വാഴ്കാ! സഞ്ചിതാഭമെൻ ഭവാൻ.

2. ക്രിസ്തുവാം സത്യദൈവം സംസ്ഥാപിച്ച സഭയെ
നിസ്തുലാഭം ഭരിക്കും സംപൂജ്യലോകാചാര്യാ!
ഭുവിതിലകമേ ഭുവിവിലസുക ദീർഘകാലം
ഭവദടിമലരിണയിവനിതാ കുമ്പിടുന്നേൻ
വാഴ്കാ! സഞ്ചിതാഭമെൻഭവാൻ.

3. ആയുരാരോഗ്യഭാഗ്യശ്രീയാൻലാലസിക്ക
ആധുനികലോകത്തിൻ നാശം തീർത്താനയിപ്പാൻ
നരരഖിലമത്യധികമേന്മമായീശോയുടെ
പ്രതിനിധിധന്യൻ തവഗിരിൽ ആവിച്ചൈക്യമാവാൻ
വാഴ്കാ! സഞ്ചിതാഭമെൻഭവാൻ.

---

2976 / 2451

PRINTED AT
ST. JOSEPH'S PRESS,
TRIVANDRUM.

ജ്ഞാനഗാനങ്ങളുടെയും ദിവ്യഗീതാമൃതത്തിന്റെയും പ്രതികൾ താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്.

സെക്രട്ടറി,
സെന്റ് അലോഷ്യസ് ബുക്കഡിപ്പോ
മംഗലത്തുകോണം
ബാലരാമപുരം P. O.

15-846

2976
2451

# ദിവ്യഗീതാമൃതം

ഇതിൽ ഭക്തിരസപ്രധാനങ്ങളായ 31 ഗാനങ്ങളും അടങ്ങിയിരിക്കുന്നു

എ. സിൽവ്
തിരുഹൃദയമന്ദിരം വെങ്ങാന്നൂർ
പെരിങ്ങമ്മല.

A. SILVA
Thiruhridaya Mandiram,
VENGANOOR PERINGAMMALA
NEM... P. O.

പ്രകാശകൻ
 റ. തോമസ്സ് മംഗലത്തുകോണം

...പുരത്ത